"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം 2018 — ഉജ്ജീവന വായ്പാ പദ്ധതി - ആലപ്പുഴ ജില്ലയിലെ കർഷകൻ/സംരംഭകൻ എടുത്ത വായ്പയിൻമേലുള്ള മാർജിൻ മണി ബന്ധപ്പെട്ട ബാങ്കുകൾക്ക്- അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

G.O.(Rt) No.4273/2022/RD തീയതി,തിരുവനന്തപുരം, 21-10-2022

പരാമർശം:- 1. സ.ഉ. (കൈ) നം. 27/2018/ദു.നി.വ., തീയതി, 17.12.2018.

2. സ.ഉ. (കൈ) നം. 04/2019/ദു.നി.വ., തീയതി, 22.02.2019.

3. ആലപ്പുഴ ജില്ലാകളക്ടറുടെ 16.05.2022-ലെ N1-1407/2022 നമ്പർ കത്ത്.

**ഉത്തരവ്**

2018-ലെ പ്രളയത്തിൽ ജീവനോപാധി നഷ്ടപ്പെട്ട ക്ഷീര/പൗൾട്രി/തേനീച്ച/അലങ്കാര പക്ഷി കർഷകർ/സൂക്ഷ്മ ചെറുകിട, ഇടത്തരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ നടത്തുന്ന സംരംഭകർ എന്നിവർക്ക് അവരുടെ ജീവനോപാധി പുനരുജ്ജീവിപ്പിക്കുന്നതിനായി ബാങ്കുകളിൽ നിന്നും എടുക്കുന്ന 'ടേംലോൺ'/പ്രവർത്തന മൂലധന വായ്പ എന്നിവയ്ക്ക് നിബന്ധനകൾക്ക് വിധേയമായി. മാർജിൻ മണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും വഹിക്കുന്നതിന് പരാമർശം 1, 2 ഉത്തരവുകൾ പ്രകാരം രൂപീകരിച്ച 'ഉജ്ജീവന വായ്പാ പദ്ധതി'യിൽ വിഭാവനം ചെയ്തിട്ടുണ്ട്

2. ഉജ്ജീവൻ വായ്പ പദ്ധതി പ്രകാരം വായ്പ അനുവദിച്ചതിന്റെ സബ്സിഡി ലഭിക്കുന്നതിന് അനുവദിച്ച വായ്പയുടെ വിവരങ്ങൾ ഫെഡറൽ ബാങ്ക്, ചമ്പക്കുളം ബ്രാഞ്ച് സമർപ്പിച്ചിട്ടുണ്ടെന്നും മുൻ ഉത്തരവുകൾ പരിശോധിച്ചതിൽ നിന്നും ടി സ്ഥാപനങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉജ്ജീവന പദ്ധതി പ്രകാരം ധനസഹായം അനുവദിച്ചിട്ടില്ലാത്തതാണെന്നും പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ അറിയിച്ചു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഉജ്ജീവന വായ്പാ പദ്ധതി പ്രകാരം അനുവദിച്ച വായ്പയിൻമേലുള്ള മാർജിൻമണി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഫെഡറൽ ബാങ്ക്, ചമ്പക്കുളം, ബ്രാഞ്ചിന് അനുവദിച്ച് ഉത്തരവാകുന്നു. ആലപ്പുഴ ജില്ലാ കളക്ടർ മുഖേന സമർപ്പിച്ച അപേക്ഷ സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു

| 1 | 2 | 3 | 4 | 5 | 6 | 7 |
|---|---|---|---|---|---|---|
| ക്രമ നമ്പർ | കർഷകന്റെ/ സംരഭകന്റെ/ സ്ഥാപനത്തിന്റെ പേര്/ വിഭാഗം | ബന്ധപ്പെട്ട വകുപ്പിന്റെ ശുപാർശ സംബന്ധിച്ച വിവരങ്ങൾ | ടേംലോൺ/പ്രവർത്തന മൂലധനം ആയി അനുവദിച്ച ബാങ്ക്, ബ്രാഞ്ച് | ടേംലോൺ/ പ്രവർത്തന മൂലധനം ആയി അനുവദിച്ച തുക (രൂപയിൽ) | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനവദിക്കുന്ന മാർജിൻ മണി (രൂപയിൽ) | മാർജിൻ മണി ക്രെഡിറ്റ് ചെയ്യേണ്ട ബാങ്ക് ബ്രാഞ്ച് IFSC കോഡ്/ അക്കൗണ്ട് നമ്പർ |
| 1 | മജിത്ത്. എം. വർഗ്ഗീസ്, ശ്രീനികേതൻ ക്ലിനിക്കൽ ലബോറട്ടറി | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 28.03.2019-ലെ ശുപാർശ കത്ത്. | ഫെഡറൽ ബാങ്ക്, ചമ്പക്കുളം ബ്രാഞ്ച് | 8,00,000/- (Term Loan) | 2,00,000/- | |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| 2 | ഷൈനി. പി. ചാക്കോ, മങ്ങാട് സ്റ്റോഴ്സ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 20.03.2019-ലെ ശുപാർശ കത്ത്. | ഫെഡറൽ ബാങ്ക്, ചമ്പക്കുളം ബ്രാഞ്ച് | 1,00,000/- (Working Capital) | 25,000/- | |
| 3 | റോയ് വർഗ്ഗീസ്, അത്തിക്കളം സൂപ്പർ മാർക്കറ്റ് | അസിസ്റ്റന്റ് ഇൻഡസ്ട്രീസ് ഓഫീസർ, കുട്ടനാടിന്റെ 26.03.2019-ലെ ശുപാർശ കത്ത്. | ഫെഡറൽ ബാങ്ക്, ചമ്പക്കുളം ബ്രാഞ്ച് | 3,00,000/- (Term Loan) | 75,000/- | |
| | | | | | **ആകെ** | 3,00,000/- |

4. മേൽ പറഞ്ഞ പ്രകാരം മാർജിൻ മണി ഇനത്തിൽ വിതരണത്തിനാവശ്യമായ തുകയായ **3,00,000/-** രൂപ (മൂന്ന് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിക്കുന്നതാണ്

5. വായ്പയിൽ അനുവദിച്ചിട്ടുള്ള മാർജിൻ മണി ഇനത്തിൽ ഖണ്ഡിക 3-ലെ പട്ടികയിലെ 6-ാം കോളത്തിൽ പറയുന്ന തുക, ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ ജില്ലാകളക്ടർ പരിശോധിച്ച് ശരിയെന്ന് ഉറപ്പ് വരുത്തേണ്ടതും ശേഷം തുക ക്രെഡിറ്റ്ചെയ്ത്, നടപടി വിവര സ്റ്റേറ്റ്മെന്റ് യഥാസമയം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ് ജില്ലാകളക്ടർ ബന്ധപ്പെട്ട ബാങ്ക് അധികാരിയിൽ നിന്നും അക്കൗണ്ട് വിവരങ്ങൾ ശേഖരിച്ച് തുക ബാങ്കിന് അനുവദിക്കേണ്ടതാണ്.

6. ഗുണഭോക്താവിന് ഇതിനകം ഉജ്ജീവൻ വായ്പാപദ്ധതി പ്രകാരം മാർജിൻമണി ലഭിച്ചിട്ടില്ല എന്ന് ബാങ്കുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ ഉറപ്പുവരുത്തേണ്ടതും ടിയിനത്തിൽ ഗുണഭോക്താവിന് ഇതിനകം തുക ലഭിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക തിരിച്ചടക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIRANI K
DEPUTY SECRETARY

ജില്ലാ കളക്ടർ, ആലപ്പുഴ

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി

(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)

ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം.

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

ഫെഡറൽ ബാങ്ക്, ചമ്പക്കുളം ബ്രാഞ്ച്, ചമ്പക്കുളം പി.ഒ., 688 505, ആലപ്പുഴ.

വിവര പൊതുജന സമ്പർക്ക (വെബ് / ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്

റവന്യൂ ഡി.ആർ.എഫ്.-എ/ഡി.ആർ.എഫ് -ബി വകുപ്പുകൾ

റവന്യൂ ദുരന്ത നിവാരണ വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by Bindumol K N
Date: 22-10-2022 10:22:55

സെക്ഷൻ ഓഫീസർ